(സി) സ്വകാര്യ മേഖലയിലാണെങ്കിൽ ഏതെല്ലാം കമ്പനികൾക്കാണ് കൊടുത്തിട്ടുള്ളത്; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ, ബി) ഇടുക്കി ജില്ലയിലെ രാമക്കൽ മേട്ടിൽ കാറ്റിൽ നിന്നും 80MW വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 27MW വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള ശ്രമം നടത്തിയെങ്കിലും സ്വകാര്യ സംരംഭകരാരും ഇതിനായി മുന്നോട്ടു വരാത്ത സാഹചര്യത്തിൽ പ്രസ്തുത പരിപാടി നിർത്തിവയ്ക്കേണ്ടതായി വന്നു.

കാറ്റാടി പാടത്തിന്റെ വികസനത്തിനായി സർക്കാർ അനെർട്ടിന് 149.10.53 ഹെക്ടർ റവന്യൂഭൂമി കൈമാറിയിട്ടുണ്ട് ഇവിടെ അതിർ വരമ്പിനായുള്ള ജൻഡയുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. പ്രസ്തുത സ്ഥലത്തെ കാറ്റിന്റെ ലഭ്യതയെക്കുറിച്ച് കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള സി. വെറ്റ് (സെൻറർ ഫോർ വിൻഡ് എനർജി ടെക്നോളജി) സൂക്ഷ്മ സ്ഥല നിർണ്ണയം നടത്തുന്നതിനായുള്ള കോണ്ടൂർ സർവെ അനെർട്ട് നടത്തുകയുണ്ടായി. ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡും അനെർട്ടും സംയുക്തമായി രാമക്കൽമേട്ടിൽ കാറ്റാടിപാടം സ്ഥാപിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പ്രാരംഭ നടപടികൾ നടന്നുവരുന്നതേയുള്ളൂ.

കെ. എസ്. ഇ. ബി.യിൽ കേരള എഞ്ചിനീയറിംഗ് സർവ്വീസ് റൂൾസും സർവ്വീസ് സബോർഡിനേറ്റ് റൂൾസും

32 (2021) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യിൽ കേരള എഞ്ചിനീയറിംഗ് സർവ്വീസ് റൂൾസും (സ്പെഷ്യൽ റൂൾ) സർവ്വീസ് സബോർഡിനേറ്റ് റൂൾസും ബാധകമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ തസ്തികകളിലാണ് ബാധകമാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പി. എസ്. സി. വഴി നിയമനം ലഭിച്ച മീറ്റർ റീഡർ തസ്തികയിൽ നിന്നും സബ് എഞ്ചിനീയർ ആയി പ്രൊമോഷൻ ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും സീനിയോറിറ്റി ലംഘിച്ച് ഐ. ടി. ഐ. സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമായി എ. ഇ. (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ രീതിയിൽ എത്ര പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്;

(ഇ) സ്പെഷ്യൽ റൂളിനു വിരുദ്ധമായ ഈ പ്രൊമോഷൻ ശരിയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) കെ. എസ്. ഇ. ബി.-യിൽ എ. ഇ. (ഇലക്ട്രിക്കൽ) തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട്;

(ജി) ഈ തസ്തികയിൽ (കോൺട്രാക്ട്) വ്യവസ്ഥയിൽ സംസ്ഥാനത്ത് എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്; ഇവർ ഓരോരുത്തരും എന്നുമുതലാണ് ജോലിയിൽ പ്രവേശിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. പ്രസ്തുത സ്പെഷ്യൽ റൂളുകളിലെ തസ്തികകൾക്ക് സമാനമായ ബോർഡിലെ തസ്തികകൾക്ക് ബാധകമാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി, ഇ) പ്രസക്തമല്ല.

(എഫ്) 291.

(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ഫ്രീ കണക്ഷൻ വിഭാഗത്തിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

33 [2022] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫ്രീ കണക്ഷൻ വിഭാഗത്തിൽ ഓരോ സബ് ഡിവിഷനേയും പരിധിയിൽ ആകെ എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ ഏതു വർഷം വരെയുള്ള അപേക്ഷകൾക്കാണ് കണക്ഷൻ നൽകിയിട്ടുള്ളതെന്ന് സബ് ഡിവിഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും കണക്ഷൻ നൽകാൻ ബാക്കിയുള്ള അപേക്ഷകളിൽ എന്നത്തേക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(സി) 2006-നുള്ളിൽ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പള്ളിക്കരയിൽ വൈദ്യുതി സെക്ഷൻ ഓഫീസ് അനുവദിക്കുവാൻ നടപടി

34 [2023] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം പദ്ധതി ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്ന പള്ളിക്കരയിൽ ഒരു വൈദ്യുതി സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly